**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** **08-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖേന ഓടനൂർ പാലം നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന ഓടനൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | 31/10/2016ലെ G.O (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ ഓടനൂർ പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 16/09/2019 ൽ 11.7 കോടി രൂപയുടെ ധനാനുമതിയും, 13/03/2024 ൽ 16.89 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്‌ബി നൽകിയിരുന്നു. അംഗീകാരം ലഭിച്ച പുതുക്കിയ അലൈൻമെന്റ് പ്രകാരം, കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വിസിഷൻ ഡ്രോയിങ് സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്ന് വരികയുമാണ്. സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, ടെണ്ടർ ക്ഷണിച്ച്, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ